## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.260 | 19.06.2018-ൽ മറുപടിയ്ക്ക് |
|---|---|

**മാലിന്യ സംസ്കരണത്തിന് ഹരിത കർമ്മസേന**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.ഡി.സതീശൻ<br>,, എ.പി. അനിൽ കുമാർ<br>,, എൽദോസ് പി. കുന്നപ്പിള്ളിൽ<br>,, വി.ടി.ബൽറാം | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്ത് മുമ്പൊരിക്കലും കാണാത്ത വിധത്തിൽ പുതിയ രോഗങ്ങൾ പ്രത്യക്ഷപ്പെടുന്നതിനും വ്യാപിക്കുന്നതിനും കാരണം മാലിന്യ സംസ്കരണത്തിൽ നമുക്കുണ്ടായ വീഴ്ചയും അശ്രദ്ധയുമാണെന്നത് പരിഗണിച്ച് അതിന് ഒരു ശാശ്വതപരിഹാരം കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്ത് പ്രത്യക്ഷപ്പെട്ട ചില പുതിയ വൈറൽ രോഗങ്ങൾ മാലിന്യത്തിൽ നിന്ന് മാത്രം ഉത്ഭവിക്കുന്നതാണ് എന്ന് അനുമാനിക്കാൻ കഴിയില്ല. എന്നാൽ മാലിന്യം കുന്നുകൂടുന്നത് പകർച്ചവ്യാധികൾ പെട്ടെന്നു പടരുന്നതിന് ഒരു കാരണമാണ് എന്നതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് സുരക്ഷിത മാലിന്യ സംസ്കരണം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. ഹരിത കേരളം മിഷന്റെ ശുചിത്വ - മാലിന്യ സംസ്കരണ ഉപമിഷന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽ വിവിധ മാലിന്യ സംസ്കരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ ആധുനിക സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന 7 കേന്ദ്രീകൃത ഖര മാലിന്യ സംസ്കരണ പ്ലാന്റുകൾ (Waste to Energy Plants) സ്ഥാപിക്കുന്നതിനും നടപടികളാരംഭിച്ചിട്ടുണ്ട്. |
| (ബി) | ഉറവിട മാലിന്യ സംസ്കരണ പദ്ധതി വിജയപ്രദമാണോ എന്ന് വ്യക്തമാക്കാമോ; | (ബി) | ഗാർഹിക, സ്ഥാപന, കമ്മ്യൂണിറ്റി തലങ്ങളിൽ ഉറവിട മാലിന്യ സംസ്കരണത്തിനായുള്ള വിവിധ പദ്ധതികൾ വിജയ പ്രദമായി നടപ്പിലാക്കി വരുന്നുണ്ട് . ഇതിന്റെ ഫലമായി ജൈവമാലിന്യങ്ങൾ പൊതു ഇടങ്ങളിൽ വലിച്ചെറിയുന്നതിന്റെയും അതുവഴി മാലിന്യം കുന്നുകൂടുന്നതിന്റെയും അളവിൽ കുറവ് വന്നിട്ടുണ്ട്.<br>തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ വിവിധ ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റുകൾ ഇതിനകം ആവശ്യാനുസരണം സ്ഥാപിച്ചു വരുന്നുണ്ട്. കമ്മ്യൂണിറ്റി തലത്തിൽ കമ്പോസ്റ്റിംഗ് ചെയ്യുന്നതിന് തുമ്പൂർമൂഴി മാതൃകയിലെ എയറോബിക് ബിന്നുകളും വലിയ ബയോഗ്യാസ് പ്ലാന്റുകളും സ്ഥാപിച്ചു വരുന്നുണ്ട്. ആലപ്പുഴ നഗരസഭയിലെ ഉറവിട മാലിന്യ സംസ്കരണ പദ്ധതി വിജയകരവും ഫലപ്രദവുമായി നടപ്പിലാക്കുകയും നിരവധി അവാർഡുകൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇതേ മാതൃകയിലാണ് ഇതര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പദ്ധതി നടപ്പിലാക്കിവരുന്നത്. |

| | | | |
|---|---|---|---|
| (സി) | തദ്ദേശതലത്തിൽ ഹരിത കർമ്മസേന രൂപീകരിക്കുന്നതിനുള്ള നടപടികൾ പ്രാവർത്തികമാക്കിയിട്ടുണ്ടോ; എങ്കിൽ അവർ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (സി) | ഉണ്ട്.<br>തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശത്തെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഫീൽഡുതല പ്രവർത്തനങ്ങൾ നടത്തുന്നതിനായി സജ്ജമാക്കിയ സംഘടനാ സംവിധാനമാണ് ഹരിതകർമ്മസേന. സംസ്ഥാനത്ത് ആകെ 929 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിതകർമ്മ സേന രൂപീകരിക്കുകയും 20494 സേനാംഗങ്ങൾക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. മറ്റിടങ്ങളിലും ഹരിത കർമസേന രൂപീകരിച്ചുവരുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രൂപീകരിക്കപ്പെടുന്ന ഹരിത കർമ്മസേന എല്ലാ വീടുകളും സ്ഥാപനങ്ങളും സന്ദർശിച്ച് ഉറവിട ജൈവമാലിന്യ പരിപാലനത്തിന് വേണ്ട സഹായം നൽകുകയും നിശ്ചിത ഇടവേളകളിൽ അജൈവമാലിന്യം ശേഖരിച്ച് പുന:ചംക്രമണത്തിനായി കൈമാറുകയും ചെയ്യുന്നു. |
| (ഡി) | നിലവിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ എത്ര ശതമാനം തുക മാലിന്യ സംസ്കരണ പ്രോജക്ടുകൾക്കായി വകയിരുത്തിയിട്ടുണ്ട്; ആയത് വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | നഗരസഭകൾ പൊതു വിഭാഗം വികസന ഫണ്ടിലെ സാധാരണ വിഹിതത്തിൽ നിന്നും ഏറ്റവുംകുറഞ്ഞത് 15% എങ്കിലും മാലിന്യ സംസ്കരണത്തിനും, ജലസംരക്ഷണത്തിനും പ്രാധാന്യം കൊടുത്തുകൊണ്ട് ഹരിതകേരളം പ്രോജക്ടുകൾക്ക് വകയിരുത്തേണ്ടതാണ്.ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്തുകൾ പൊതുവിഭാഗം ഫണ്ടിലെ സാധാരണ വിഹിതത്തിൽ നിന്നും ഏറ്റവും കുറഞ്ഞത് 10% എങ്കിലും മാലിന്യസംസ്കരണത്തിനും ജലസംരക്ഷണത്തിനും പ്രാധാന്യം കൊടുത്തുകൊണ്ട് ഹരിത കേരളം മിഷൻ പ്രോജക്ടുകൾക്ക് വകയിരുത്തണം. ഇതുപ്രകാരം നഗരസഭകൾ 15% വും ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ 10% വും തുക വകയിരുത്തിവരുന്നു. പ്രസ്തുത തുക വർദ്ധിപ്പിക്കുന്ന കാര്യം നിലവിൽ പരിഗണനയിൽ ഇല്ല |

സെക്ഷൻ ഓഫീസർ